LIBRARY ARCHIVES Kerala Legislative Assembly

നദികളേയും മനുഷ്യ നിർമ്മിതമല്ലാത്ത തോടുകളെയും പറ്റി പഠനം

25 [5989] ശ്രീ. എ. കെ. മണി:
,, കെ. സി. വേണുഗോപാൽ:
,, പി. ടി. തോമസ്:
ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജില്ലകൾതോറുമുള്ള നദികളേയും മനുഷ്യനിർമ്മിതമല്ലാത്ത തോടുകളേയും പറ്റി ആധികാരിക പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഈ നദികളിലും തോടുകളിലുമുള്ള ജലസമൃദ്ധി സംസ്ഥാനത്ത് കുടിവെള്ളത്തിനും കൃഷിക്കും എത്രമാത്രം സഹായകമാകുന്നുണ്ടെന്ന് അറിയേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ;

(സി) തിരുവനന്തപുരം ജില്ലയിലെ കിള്ളിയാർ അധികൃതരേഖയിൽപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഉള്ളൂർ ആമയിഴഞ്ചാൻ തോടുകളുടെ പ്രാരംഭം കുറിക്കുന്നത് എവിടെയാണ്;

(ഇ) കിള്ളിയാറിനേയും ഉള്ളൂർ ആമയിഴഞ്ചാൻ തോടിനേയും പോലെ രേഖകളിൽപ്പടാത്ത ജലസ്രോതസ്സുകളെപ്പറ്റി വേണ്ട പഠനം നടത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കരുതുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) ശ്രീകാര്യം ഗ്രാമപഞ്ചായത്തിൽ പോത്തൻകോട് ഭാഗത്തുനിന്നുമാണ് ആമയിഴഞ്ചാൻ തോടുകളുടെ പ്രാരംഭം കുറിക്കുന്നത്.

(ഇ) ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

വൈദ്യുതി ഉൽപ്പാദനത്തിനുവേണ്ടി വൈദ്യുതി ബോർഡ് നൽകുന്ന പ്രതിഫലം

26 [5990] ശ്രീ. കെ. മുഹമ്മദാലി:
,, എ. പി. അനിൽകുമാർ:
,, എം. എ. ചന്ദ്രശേഖരൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിൽ നിന്നുള്ള വെള്ളം ഉപയോഗിച്ചു വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന്റെ പേരിൽ വൈദ്യുതി ബോർഡ് റോയൽറ്റി ഇനത്തിൽ എന്തെങ്കിലും തുക നൽകുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രതിവർഷം വൈദ്യുതി ഉൽപ്പാദനത്തിനു വേണ്ടി സംസ്ഥാനത്തെ വൈദ്യുതി ബോർഡ് എത്ര അളവ് വെള്ളം ഉപയോഗിക്കുന്നുണ്ട്;

(ഡി) കായംകുളം താപവൈദ്യുതിനിലയം ഉപയോഗിക്കുന്ന വെള്ളത്തിനു റോയൽറ്റി നൽകുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എത്ര;

(എഫ്) പ്രസ്തുത സ്ഥാപനം പ്രതിവർഷം എത്ര അളവ് വെള്ളം ഉപയോഗിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ—എഫ്) വിവരം ശേഖരിച്ചുവരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പൂർത്തീകരണം

27 [5991] ശ്രീ. ബിനോയ് വിശ്വം:
,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധജലവിതരണ മേഖലയിൽ നിലവിൽ നടന്നുവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാം; ഈ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ മേഖലയിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ നിർത്തലാക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം പദ്ധതികൾ നിലനിർത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി, 10% ഉപഭോക്തൃ വിഹിതത്തോടെ നടപ്പിലാക്കുന്ന ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ, എൻ. സി./ പി. സി. വാർഡുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി, 'വർഷ' മഴവെള്ള ശേഖരണ പദ്ധതി, ഗ്രാമീണ സ്കൂളുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി, ടെക്നോളജി മിഷൻ പദ്ധതികൾ, നഗര ശുദ്ധജല വിതരണ പദ്ധതികൾ, പി. എം. ജി. വൈ. പദ്ധതികൾ, പതിനൊന്നാം ധനകാര്യ കമ്മീഷൻ, സ്വജൽധാരാ പദ്ധതി എന്നിവയാണ് ശുദ്ധജല വിതരണ മേഖലയിൽ നിലവിൽ നടന്നുവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ. കൂടാതെ കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിൽ സെക്ടർ റിഫോംസ് എന്ന പേരിൽ കേന്ദ്ര സഹായത്തോടെ ജില്ലാ പഞ്ചായത്തുകൾവഴി കുടിവെള്ള പദ്ധതികൾ നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൻകീഴിൽ 121 പദ്ധതികളുടെ പണികൾ നടന്നുവരുന്നു. 4 പദ്ധതികൾ 2003-2004-ൽ പൂർത്തീകരിച്ചിട്ടുണ്ട്. 10% ഉപഭോക്തൃ വിഹിതത്തോടെ നടപ്പിലാക്കുന്ന ചെറുകിട ശുദ്ധജലവിതരണ പദ്ധതിയിൻകീഴിൽ 112 പദ്ധതികളുടെ പണികൾ നടന്നുവരുന്നു. 51 പദ്ധതികൾ 2003-04-ൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 50 പദ്ധതികൾക്ക് പവർ കണക്ഷൻ കിട്ടേണ്ടതായുണ്ട്. എൻ. സി./ പി. സി.

LIBRARY ARCHIVES Kerala Legislative Assembly